**കേരള സർക്കാർ**

**സംഗ്രഹം**

സർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വിമാനയാത്ര- വിദേശ യാത്ര - മെഡിക്കൽ ഇൻഷ്വറൻസ് തുക റീ-ഇംബേഴ്സ് ചെയ്യുന്നതിനുള്ള അനുമതി - ഉത്തരവാകുന്നു.

==========================================================

**ധനകാര്യ(രഹസ്യ) വകുപ്പ്**

**സ.ഉ.(അ) നം. 76/2018/ധന.** **തീയതി, തിരുവനന്തപുരം, 19.05.2018.**

==========================================================

പരാമർശം:- സ.ഉ.(അ) നം. 35/2006/ധന തീയതി 20/01/2006

**<u>ഉത്തരവ്</u>**

പരാമർശ ഉത്തരവിനു വിധേയമായി ഔദ്യോഗിക വിമാനയാത്രക്കായി ട്രാവൽ ഏജൻസികൾ വഴി ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്ക് ടി ഏജൻസികൾ ഈടാക്കിയിരുന്ന സർവ്വീസ് ടാക്സും(0.5%) എജ്യൂക്കേഷൻ സെസ്സും(0.2%), യാത്രാ ടിക്കറ്റും ബില്ലുകളും പരിശോധിച്ച് റീ-ഇംബേഴ്സ് ചെയ്തു നൽകാൻ ഉത്തരവായിരുന്നു. നിലവിൽ ഔദ്യോഗിക വിദേശ യാത്രാ വേളയിൽ അനുവദിച്ചു നൽകാവുന്ന ആനുകൂല്യങ്ങളുടെ ഗണത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇൻഷ്വറൻസുകളെ ഉൾപ്പെടുത്തിയിട്ടില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിദേശയാത്രാ ടിക്കറ്റുകൾ ബുക്ക് ചെയ്യുന്ന വേളയിൽ എടുക്കുന്ന മെഡിക്കൽ ഇൻഷ്വറൻസിന്റെ തുക കൂടി, യാത്രാടിക്കറ്റും ബില്ലും ഹാജരാക്കുന്ന മുറക്ക് റീ-ഇംബേഴ്സ് ചെയ്തു നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവിനു മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത. ബി.എസ്.**

ജോയിന്റ് സെക്രട്ടറി(ധനകാര്യം)

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ ( ഇ & അർ.എസ്.എ) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ്/ ഓഫീസ് തലവന്മാർക്കും.
നിയമ വകുപ്പുൾപ്പെടെയുള്ള സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ,
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ പൊതുമേഖലാ കമ്പനികളുടെയും, കോർപ്പറേഷന്റെയും, ബോർഡുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനറൽ മാനേജറുമാർക്കും
എല്ലാ സർവ്വകലാശാല രജിസ്ട്രാറുമാർക്കും വൈസ് ചാൻസിലറുമാർക്കും
നോഡൽ ഓഫീസർ,www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ